## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

### കേന്ദ്രാവിഷ്കൃത പദ്ധതി

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1632** **10-02-2020-ൽ മറുപടിയ്ക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാന ഗവൺമെന്റിനുള്ള വിഹിതത്തിൽ കുറവ് വന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാന ഗവൺമെന്റിനുള്ള വിഹിതത്തിൽ കുറവ് വന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>പ്രധാൻമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ.-ജി.)</u>**<br>പദ്ധതിയുടെ സംസ്ഥാന വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള കേന്ദ്രസർക്കാർ മാനദണ്ഡങ്ങളിൽ ചിലത് കേരളത്തിന് അനുയോജ്യമല്ലാത്തതിനാൽ മതിയായ ഗുണഭോക്താക്കളെ സംസ്ഥാനത്ത് നിന്നും ലഭ്യമാകാത്തതാണ് വിഹിതം കുറയുന്നതിന് കാരണമായത് .<br><br>**<u>പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ)</u>**<br>2015 വരെ നൂറ് ശതമാനം വിഹിതവും കേന്ദ്രമാണ് വഹിച്ചിരുന്നത്. 2016 മുതൽ 60:40 അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന വിഹിതം ലഭിച്ചുകൊണ്ടിരിക്കുന്നത്. വർഷംതോറുമുള്ള പ്രവർത്തി ലക്ഷ്യത്തിനനുസൃതമായ കേന്ദ്ര ഫണ്ടിൽ വ്യതിയാനം വരാറുണ്ട്.<br><br>**<u>സ്വച്ഛ് ഭാരത് മിഷൻ</u>**<br><br>ശുചിത്വമിഷൻ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ്ഭാരത് മിഷൻ (നഗരം) പദ്ധതികളുടെ കേന്ദ്ര സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

<table>
<tr><td></td><td></td><td></td><td>
(തുക ലക്ഷത്തിൽ)
<table>
<tr><th>വർഷം</th><th>പദ്ധതി</th><th>കേന്ദ്രം</th><th>സംസ്ഥാനം</th><th>ആകെ</th></tr>
<tr><td>2015-16</td><td rowspan="5">സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ)</td><td>2881.34</td><td>992.13</td><td>3873.47</td></tr>
<tr><td>2016-17</td><td>9825.36</td><td>6550.24</td><td>16375.59</td></tr>
<tr><td>2017-18</td><td>9802.23</td><td>6534.82</td><td>16337.05</td></tr>
<tr><td>2018-19</td><td>1247.01</td><td>831.34</td><td>2078.35</td></tr>
<tr><td>2019-20</td><td>0</td><td>0</td><td>0</td></tr>
</table>
<table>
<tr><th>വർഷം</th><th>പദ്ധതി</th><th>കേന്ദ്രം</th><th>സംസ്ഥാനം</th><th>ആകെ</th></tr>
<tr><td>2015-16</td><td rowspan="5">സ്വച്ഛ്ഭാരത് മിഷൻ (നഗരം)</td><td>1918.00</td><td>639.67</td><td>2557.00</td></tr>
<tr><td>2016-17</td><td>2444.00</td><td>814.00</td><td>3258.00</td></tr>
<tr><td>2017-18</td><td>0</td><td>0</td><td>0</td></tr>
<tr><td>2018-19</td><td>3095.25</td><td>2063.50</td><td>5158.75</td></tr>
<tr><td>2019-20</td><td>2260.91</td><td>1507.23</td><td>3768.14</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 2016 മാർച്ച് 31 ന് ശേഷം ഇതുവരെ എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാൻ അനുമതി ലഭ്യമായെന്നും ഇതിന് എത്ര കോടി രൂപ അനുവദിച്ചുവെന്നും വെളിപ്പെടുത്താമോ;</td><td>(ബി)</td><td>707.349 കി.മീ. ദൈർഘ്യം വരുന്ന 187 റോഡുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന് 568.65 കോടി രൂപ അനുവദിച്ചു.</td></tr>
<tr><td>(സി)</td><td>ഇതിന് പുറമെ എം.പി.മാരുടെ ഗ്രാമങ്ങൾ ദത്തെടുക്കൽ പദ്ധതിയിൽ എത്ര കിലോമീറ്റർ റോഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?</td><td>(സി)</td><td>ആകെ 118.451 കി.മീ. ദൈർഘ്യം വരുന്ന 33 റോഡുകൾ അനുവദിച്ചിട്ടുണ്ട്.</td></tr>
</table>

**സെക്ഷൻ ഓഫീസർ.**